"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണം - ജി.സി.ഡി.എ. - ലൈഫ് മിഷൻ ഭവന സമുച്ചയത്തിന്റെ കേട്ടുപാടുകൾ പരിഹരിക്കുന്നത് - കൺസൾട്ടൻസിയായി മദ്രാസ് ഐ.ഐ.ടി-യെ നിയമിച്ചു കൊണ്ടും അതിനാവശ്യമായ കൺസൾട്ടൻസി ഫീസ് ജി.സി.ഡി.എയുടെ തനത് ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിന് അനുമതി നല്കിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.1317/2025/LSGD തീയതി,തിരുവനന്തപുരം, 28-05-2025

---

പരാമർശം:- വിശാല കൊച്ചി വികസന അതോറിറ്റി സെക്രട്ടറിയുടെ 24.01.2025, 23.05.2025 തീയതികളിലെ 7077/എ1/2023/ജിസിഡിഎ നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

ലൈഫ് മിഷൻ ഭവന പദ്ധതിയിൽ ഉൾപ്പെടുന്ന എറണാകുളം ജില്ലയിലെ മുണ്ടംവേലിയിലെ ജിസിഡിഎ വക 70 സെന്റ് സ്ഥലത്ത് പി ആൻഡ് ടി കോളനിയിലെ കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനായി നിർമ്മിച്ച കെട്ടിടസമുച്ചയത്തിലുണ്ടായ കേട്ടുപാടുകൾ പരിഹരിച്ച് താമസയോഗ്യമാക്കുന്നതിന് കൺസൾട്ടൻസിയായി ഐ.ഐ.ടി മദ്രാസിനെ ചുമതലപ്പെടുത്തുന്നതിനും പ്രസ്തുത സ്ഥാപനം ആവശ്യപ്പെട്ടിട്ടുള്ള കൺസൾട്ടൻസി ഫീസ് ആയ 50 ലക്ഷം + ജി.എസ്.ടി ജിസിഡിഎ-യുടെ തനത് ഫണ്ടിൽ നിന്ന് നല്കുന്നതിനും അനുമതി നല്കണമെന്ന് പരാമർശം പ്രകാരം ജി.സി.ഡി.എ സെക്രട്ടറി അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ വിശാല കൊച്ചി വികസന അതോറിറ്റി (GCDA), കൊച്ചി നഗരസഭ പരിധിയിലുള്ള സ്ഥലത്ത് ലൈഫ് മിഷനുമായി ചേർന്ന് പാർട്ണർഷിപ്പ് പ്രോജക്ട് ആയി ഭവന സമുച്ചയം നിർമ്മിച്ച് P&T കോളനിയിലെ കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്ന പദ്ധതിയിൽ, ജിസിഡിഎ നിർമ്മിച്ച കെട്ടിടങ്ങളിലുണ്ടായ കേട്ടുപാടുകൾ പരിഹരിക്കുന്ന വിഷയത്തിൽ കൺസൾട്ടൻസിയായി ഐ.ഐ.ടി മദ്രാസിനെ ചുമതലപ്പെടുത്തിക്കൊണ്ടും, ജിസിഡിഎയും കൺസൾട്ടൻസിയായ ഐ.ഐ.ടി മദ്രാസും തമ്മിൽ സമയബന്ധിതമായ റിപ്പോർട്ട് സമർപ്പിക്കേണ്ടതാണെന്നുൾപ്പടെയുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള കരാറിലേർപ്പെടേണ്ടതുമാണ് എന്ന നിബന്ധനയോടെ, കൺസൾട്ടൻസി ചാർജ്ജിനത്തിൽ ഐ.ഐ.ടി. മദ്രാസ് ആവശ്യപ്പെട്ട 50 ലക്ഷം രൂപ + ജി.എസ്.ടി ജിസിഡിഎയുടെ തനത് ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിന് അനുമതി നല്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

LALI K

ജോയിന്റ് സെക്രട്ടറി

സെക്രട്ടറി, വിശാല കൊച്ചി വികസന അതോറിറ്റി

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ജി.എസ്.എസ്.എ./ഇ & ആർ.എസ്.എ), കേരളം, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.

തദ്ദേശ സ്വയംഭരണ (ഡി.ഇ) വകുപ്പ് (DE3/245/2024-തസ്വഭവ തീയതി 15.05.2025)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫോർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

വിവര-പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by

Geetha. T. S

Date: 28-05-2025 17:46:17

സെക്ഷൻ ഓഫീസർ